**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5018** **14-03-2023 - ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | **കോവളം ബീച്ച്**<br><br>കോവളം, സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 24.02.2023 തീയതിയിലെ സ.ഉ(കൈ)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി വാപ്കോസ് ആണ്. ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.<br><br>• ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br>• സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം<br>• കോർപ്പറേഷൻ ഭൂമി വികസനം<br>• കോർപ്പറേഷൻ ഭൂമിയിലേക്കുള്ള വികസനം<br>• ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം<br>• ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം<br>• തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ<br><br>**ശംഖുമുഖം ബീച്ച്**<br><br>13.2 കോടി രൂപ അടങ്കൽ തുക വരുന്ന ശംഖുമുഖം ബീച്ച് ഫ്രണ്ട് എൻടി ഇംപ്രൂവ്മെന്റ് & അർബൻ പ്ലാസാ ഡവലപ്മെന്റ്, ബീച്ച് ഫ്രണ്ട് പ്ലാസാ ഡെവലപ്മെന്റ് & കൾച്ചറൽ ഹബ്ബ് ഡവലപ്മെന്റ് എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |

**മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം**

മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചുകളുടെ സമഗ്രമായ വികസന പ്രവർത്തനം നടത്തുന്നതിനായി GO (RT) No. 395/2019/TSM dtd. 13.11.2019 ഉത്തരവ് പ്രകാരം 233.71 കോടി രൂപയുടെ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

ഈ പദ്ധതി താഴെ പറയുന്ന 4 ക്യാരക്ടർ ഏരിയകളായി തരംതരിച്ചാണ് നടപ്പാക്കുന്നത്.

1. ക്യാരക്ടർ ഏരിയ 1 - മുഴപ്പിലങ്ങാട് ബീച്ചിന്റെ വടക്ക് വശം
2. ക്യാരക്ടർ ഏരിയ 2 - മുഴപ്പിലങ്ങാട് ബീച്ചിന്റെ തെക്ക് വശം
3. ക്യാരക്ടർ ഏരിയ 3 - ധർമ്മടം ബീച്ച്
4. ക്യാരക്ടർ ഏരിയ 4 - ധർമ്മടം ദ്വീപ്

ക്യാരക്ടർ ഏരിയ 2, ക്യാരക്ടർ ഏരിയ 3, ക്യാരക്ടർ ഏരിയ 4 എന്നീ സ്ഥലങ്ങളിലെ ഘടകങ്ങൾക്ക് കിഫ്ബി അംഗീകാരത്തിനായി പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുണ്ട്.

**ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം**

ഈ പദ്ധതിയ്ക്ക് 4.96 കോടി രൂപയുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം**

ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് 9.94 കോടി രൂപയുടെ വികസന പ്രവർത്തികൾ ബേപ്പൂർ & ബിയോണ്ട് എന്ന പേരിൽ നടന്നു വരുന്നു. 15% പ്രവർത്തികൾ പൂർത്തീകരിച്ചു.

**ചാലിയം ബീച്ചിന്റെ വികസനം**

ചാലിയം ബീച്ചിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 9.55 കോടി രൂപയുടെ ഓഷ്യാനസ് ചാലിയം ഫേസ് I, ഫേസ് II എന്നീ പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നു.

**ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം –**

ഈ പദ്ധതിയ്ക്കായി 08.02.2017 ൽ 49.60 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 27.07.2020 ൽ

| | | | |
|---|---|---|---|
| | | | 21.35 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിയിരുന്നു. പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, ഫുഡ് കോർട്ട്, സിറ്റിംഗ് അറേഞ്ച്മെന്റ്സ്, പെഡസ്ട്രൽ ബ്രിഡ്ജ്, റെയിൽ ഷെൽറ്റർ, ചെയ്ഞ്ച് റൂം, കാർ പാർക്കിംഗ്, ലാന്റ് സ്കേപ്പിംഗ്, സ്പോട്സ് ആക്ടിവിറ്റീസ് എന്നിവയാണ് പ്രധാന ഘടകങ്ങൾ<br><br><u>**കാപ്പാട് ബീച്ചിന്റെ വികസനം**</u><br><br>കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി വിനോദ സഞ്ചാര വകുപ്പ് 26 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.<br><br><u>**മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം**</u><br><u>=</u><br><br>ഈ പദ്ധതിയ്ക്ക് 39.42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകൾ ഉള്ള ലോകോത്തര റിസോർട്ടാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കെറ്റിഡിസിയാണ് ഇതിന്റെ SPV.<br><br>**ബീച്ചുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം ബേക്കൽ, വർക്കല, ശംഖുമുഖം, കൊല്ലം, ആലപ്പുഴ, എന്നീ ബീച്ചുകളിൽ വകുപ്പ് നടപ്പിലാക്കി വരുന്നു.**<br><br>**ഇതിനു പുറമെ 9 ബീച്ചുകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തയ്യാറാക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. ബേപ്പൂർ, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ ഇത് ആരംഭിച്ചു. ബീച്ച് സാഹസിക ടൂറിസം പരിശീലനത്തിന് പ്രത്യേക അക്കാദമി ബേപ്പൂരിൽ ആരംഭിച്ചു.** |
| (ബി) | പ്രസ്തുത മേഖലയിൽ അപകടത്തിൽപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി നിലവിൽ എത്ര ലൈഫ് ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്; ബീച്ച് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുമാരുടെ ബീച്ച് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ ആവശ്യത്തിന് ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുമാരുടെ ബീച്ച് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

**ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുമാരുടെ ബീച്ച് തിരിച്ചുള്ള കണക്കുകൾ**

| ജില്ല | ആകെ തസ്തികകൾ | നിലവിൽ ജോലി ചെയ്യുന്നത് | ജോലി ചെയ്യുന്ന ബീച്ച് |
|---|---|---|---|
| തിരുവനന്തപുരം | 84 | 69 | വർക്കല – 15<br>പെരുമാതുറ – 4<br>കോവളം – 50 |
| കൊല്ലം | 10 | 9 | കൊല്ലം – 7<br>ആഴിക്കൽ – 2 |
| പത്തനംതിട്ട | ഇല്ല | | |
| ആലപ്പുഴ | 10 | 10 | അന്ധകാരനഴി – 4<br>മാരാരി – 6 |
| കോട്ടയം | ഇല്ല | | |
| ഇടുക്കി | ഇല്ല | | |
| എറണാകുളം | 24 | 22 | മറൈൻ ഡ്രൈവ് – 2<br>ഫോർട്ട് കൊച്ചി – 6<br>ചെറായി – 10<br>മുനമ്പം – 4 |
| തൃശ്ശൂർ | 8 | 8 | ചാവക്കാട് – 4<br>സ്നേഹതീരം – 4 |
| പാലക്കാട് | | | |
| മലപ്പുറം | 6 (ഇതിനുപുറമെ 2 പേരെ ഡി.ടി.പി.സി നിയമിച്ചിട്ടുണ്ട്.) | 6 | താനൂർ – 2<br>കെട്ടുങ്ങൽ – 2<br>മിനിപമ്പ – 2 |
| വയനാട് | 2 | 2 | കർലാട് തടാകം – 1<br>പൂക്കോട് തടാകം – 1 |
| കോഴിക്കോട് | 11 | 11 | കോഴിക്കോട് – 4<br>കോഴിക്കോട് സൗത്ത് – 2<br>വടകര – 2<br>കാപ്പാട് – 1 |

| | | | |
|---|---|---|---|
| | | | ബേപ്പൂർ – 2 |
| കണ്ണൂർ | 12 | 12 | പയ്യാമ്പലം – 5<br>മുഴപ്പിലങ്ങാട് – 5<br>ധർമ്മടം – 2 |
| കാസർഗോഡ് | 4 | 4 | ബേക്കൽ പാർക്ക് ബീച്ച് – 2<br>ബേക്കൽ ഫോർട്ട് – 2 |

സെക്ഷൻ ഓഫീസർ